## മധുരമായ കുട്ടികളെ - നിങ്ങൾ സർവ്വ ആത്മാക്കളേയും കർമ്മബന്ധനങ്ങളിൽ നിന്നും രക്ഷിക്കുന്ന രക്ഷാസൈന്യമാണ്, നിങ്ങൾ കർമ്മബന്ധനങ്ങളിൽ കുടുങ്ങരുത്

**ചോദ്യം -** ഏത് അഭ്യാസം ചെയ്തുകൊണ്ടിരിക്കുമ്പോൾ ആത്മാവ് വളരെ-വളരെ ശക്തിശാലിയായി മാറും?

**ഉത്തരം -** എപ്പോഴെല്ലാം സമയം ലഭിക്കുന്നുവോ ശരീരത്തിൽനിന്നും വേറിടാനുള്ള അഭ്യാസം ചെയ്യൂ. വേറിട്ടിരിക്കുന്നതിലൂടെ ആത്മാവിൽ ശക്തി തിരിച്ചുവരും, ആത്മാവിൽ ബലം നിറയും. നിങ്ങൾ ഗുപ്തമായ സൈന്യമാണ്, നിങ്ങൾക്ക് നിർദ്ദേശം ലഭിച്ചിരിക്കുകയാണ് -അറ്റൻഷൻ പ്ലീസ്.... അതായത് ,ഒരു ബാബയെ ഓർമ്മിക്കൂ, അശരീരിയാകൂ.

**ഓം ശാന്തി.** ഓം ശാന്തിയുടെ അർത്ഥം ബാബ നല്ലരീതിയിൽ മനസ്സിലാക്കിത്തന്നു. എവിടെ സൈനികർ നിരന്നുനിൽക്കുന്നുവോ അവരോട്, അറ്റൻഷൻ.. എന്ന് പറയാറുണ്ട്, അവരുടെ അറ്റൻഷൻ അർത്ഥം ശാന്തതയാണ്. ഇവിടെ നിങ്ങളോടും ബാബ പറയുകയാണ് അറ്റൻഷൻ... അതായത് ഒരു ബാബയുടെ ഓർമ്മയിലിരിക്കൂ. വായിലൂടെ പറയേണ്ടിവരുന്നു, അല്ലായെങ്കിൽ ശബ്ദത്തിൽ നിന്നും ദൂരെയിരിക്കണം. അറ്റൻഷൻ, ബാബയുടെ ഓർമ്മയിലാണോ? ബാബയുടെ നിർദ്ദേശം അഥവാ ശ്രീമതം ലഭിച്ചിരിക്കുകയാണ്, നിങ്ങൾ ആത്മാവിനെയും തിരിച്ചറിഞ്ഞു, ബാബയെയും തിരിച്ചറിഞ്ഞു ബാബയുടെ ഓർമ്മ കൂടാതെ നിങ്ങൾക്ക് വികർമ്മാജിത്തായി മാറാനോ അഥവാ സതോപ്രധാനമായി പവിത്രമായി മാറാനോ സാധിക്കില്ല. പ്രധാന കാര്യം ഇതാണ്, ബാബ പറയുകയാണ് മധുര മധുരമായ ഓമനകളായ കുട്ടികളേ! സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇതെല്ലാം ഈ സമയത്തെ കാര്യങ്ങളാണ്, ഇതിനെ മനുഷ്യർ അവരുടെ ഭാഗത്തേക്ക് കൊണ്ടുപോയി. അവരും സൈന്യമാണ്, നിങ്ങളും സൈന്യമാണ്. ഗുപ്തമായ സൈനികരും ഉണ്ടാകുമല്ലോ. അവർ ഗുപ്തമായി ഇരിക്കും. നിങ്ങളും ഗുപ്തമായവരാണ്. നിങ്ങളും ഗുപ്തമായിപ്പോകുന്നു അതായത് ബാബയുടെ ഓർമ്മയിൽ ലയിച്ചുചേരുന്നു. ഇതിനെയാണ് പറയുന്നത് ഗുപ്തം. ആർക്കും തിരിച്ചറിയാൻ സാധിക്കില്ല. നിങ്ങളും ഗുപ്തമല്ലേ. നിങ്ങളുടെ ഓർമ്മയാകുന്ന യാത്ര ഗുപ്തമാണ്, കേവലം ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ. കാരണം ബാബക്കറിയാം ഓർമ്മയിലൂടെ ഈ പാവങ്ങളുടെ മംഗളം ഉണ്ടാകും. ഇപ്പോൾ നിങ്ങളെ പാവങ്ങളെന്ന് പറയാം. സ്വർഗ്ഗത്തിൽ പാവങ്ങളെന്ന് പറയില്ല. ആരാണോ ബന്ധനങ്ങളിൽ കുരുങ്ങിയിരിക്കുന്നത് അവരെയാണ് പാവങ്ങൾ എന്നു പറയുന്നത്. ഇതും നിങ്ങളാണ് മനസ്സിലാക്കുന്നത്, ബാബ മനസ്സിലാക്കിത്തരികയാണ് - നിങ്ങളെ ലൈറ്റ് ഹൗസ് എന്ന് വിളിക്കുന്നു. ബാബയേയും ലൈറ്റ് ഹൗസ് എന്ന് പറയുന്നു. ബാബ വീണ്ടും- വീണ്ടും മനസ്സിലാക്കിത്തരികയാണ് ഒരു കണ്ണിൽ ശാന്തിധാമവും, മറുകണ്ണിൽ സുഖധാമവും വെക്കൂ. നിങ്ങൾ ലൈറ്റ് ഹൗസ് പോലെയാണ്. എഴുന്നേൽക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും നിങ്ങൾ പ്രകാശമായിരിക്കൂ. എല്ലാവർക്കും ശാന്തിധാമത്തിലേക്കും, സുഖധാമത്തിലേക്കുമുള്ള വഴി പറഞ്ഞുകൊടുത്തുകൊണ്ടിരിക്കൂ. ഈ ദുഃഖധാമത്തിൽ എല്ലാവരുടെ തോണിയും കുടുങ്ങിയിരിക്കുകയാണ് അപ്പോഴാണ് ബാബയോട്, തോണിക്കാരാ ഞങ്ങളുടെ തോണിയെ അക്കരെയെത്തിക്കൂ, അല്ലയോ തോണിക്കാരാ എല്ലാവരുടെ തോണിയും കുടുങ്ങിയിരിക്കുകയാണ്, എന്നു പറയുന്നത്.അവരെ രക്ഷിക്കാൻ ആർക്ക് സാധിക്കും? അതിനായി രക്ഷാസൈന്യമൊന്നുമില്ല. പേരെല്ലാം വച്ചിട്ടുണ്ട്,എന്നാൽ വാസ്തവത്തിൽ രക്ഷാസൈന്യം നിങ്ങളാണ്.നിങ്ങൾ ഓരോരുത്തരേയും രക്ഷിക്കുന്നു. എല്ലാവരും അഞ്ച് വികാരങ്ങളാകുന്ന ചങ്ങലയിൽ കുടുങ്ങിയിരിക്കുകയാണ് അതുകൊണ്ടാണ്, ഞങ്ങളെ മോചിപ്പിക്കൂ, രക്ഷിക്കൂ... എന്നു പറയുന്നത്. ബാബ പറയുന്നു, ഈ ഓർമ്മയാകുന്ന യാത്രയിലൂടെ നിങ്ങൾക്ക് അക്കരെയെത്താം. ഇപ്പോഴെല്ലാവരും കുടുങ്ങിയിരിക്കുകയാണ്. ബാബയെ തോട്ടക്കാരനെന്നും പറയും. എല്ലാ കാര്യങ്ങളും ഈ സമയത്തിന്റേതാണ്. നിങ്ങൾക്ക് പൂക്കളായി മാറണം, ഇപ്പോഴെല്ലാവരും മുള്ളുകളാണ് അഥവാ ഹിംസിക്കുന്നവരാണ്. ഇപ്പോൾ അഹിംസകരായി മാറി പാവനമായി മാറണം. ആരാണോ ധർമ്മസ്ഥാപന ചെയ്യുന്നത്, അവർ പവിത്രാത്മാക്കളായാണ് വരുന്നത് . അവർക്ക് അപവിത്രരാകാൻ സാധിക്കില്ല. ആദ്യമാദ്യം വരുമ്പോൾ പവിത്രമായതുകാരണം ആത്മാവിനും ശരീരത്തിനും ദുഃഖം ഉണ്ടാകുന്നില്ല. കാരണം അവരിൽ പാപമില്ല. നമ്മളെല്ലാവരും എപ്പോൾ പവിത്രമായിരുന്നോ അപ്പോൾ ഒരു പാപവും ഉണ്ടായിരുന്നില്ല. അതുപോലെ മറ്റുള്ളവരിലും ഉണ്ടായിരിക്കില്ല. ഓരോ കാര്യത്തെക്കുറിച്ചും ചിന്തിക്കണം. പരംധാമത്തിൽനിന്നും ആത്മാക്കൾ വന്ന് ധർമ്മസ്ഥാപന ചെയ്യുന്നു. അവരുടേയും രാജവംശം ഉണ്ടാകും. സിക്ക് ധർമ്മത്തിന്റേയും രാജവംശം ഉണ്ടാകും. സന്യാസിമാരുടെ രാജവംശം ഉണ്ടാകുന്നില്ല, രാജാക്കൻമാരും ഉണ്ടാകുന്നില്ല. സിക്ക് ധർമ്മത്തിൽ മഹാരാജാക്കന്മാരെല്ലാം ഉണ്ടാകുമ്പോൾ സ്ഥാപന

ചെയ്യാൻ വേണ്ടി വരുന്നത് പുതിയ ആത്മാക്കളായിരിക്കും. ക്രിസ്തു വന്ന് ക്രിസ്തുധർമ്മം സ്ഥാപിച്ചു, ബുദ്ധൻ –ബുദ്ധധർമ്മം സ്ഥാപിച്ചു, ഇബ്രാഹിം– ഇസ്ലാം ധർമ്മം – എല്ലാവർക്കും പേരിന്റെ ആനുകൂല്യവും ലഭിക്കുന്നു. ദേവീദേവതാധർമ്മത്തിന് പേരുതന്നെയില്ല. നിരാകാരനായ ബാബ വന്ന് ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ബാബ ദേഹധാരിയല്ല. ആരാണോ ധർമ്മസ്ഥാപകർ അവരുടെ ദേഹത്തിന് നാമമുണ്ട്, ഇത് ദേഹധാരിയല്ല. രാജവംശം പുതിയ ലോകത്തിലും ഉണ്ടാകും. ബാബ പറയുന്നു – കുട്ടികളേ, ആത്മീയ സൈനികരാണെന്ന് മനസ്സിലാക്കൂ. ലോകത്തിലെ സൈന്യത്തിലെല്ലാം സൈന്യാധിപൻ ഉണ്ടായിരിക്കും. സൈന്യാധിപൻ വന്ന്, അറ്റൻഷൻ...എന്നു പറയാറുണ്ട് ,എല്ലാവരും പെട്ടെന്ന് എഴുന്നേറ്റ് നിൽക്കും. അവരോരോരുത്തരും തന്റേതായ ഗുരുക്കന്മാരെ ഓർമ്മിച്ച് ശാന്തമായിട്ടിരിക്കും. പക്ഷേ അത് അസത്യമായ ശാന്തിയാണ്. നമ്മൾ ആത്മാക്കളാണ്, നമ്മുടെ ധർമ്മം ശാന്തിയാണ്, ആരെയാണ് ഓർമ്മിക്കേണ്ടത് എന്നെല്ലാം നിങ്ങൾക്കറിയാം.ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചു. ജ്ഞാനസഹിതം ഓർമ്മയിലിരിക്കുന്നതിലൂടെ പാപം ഭസ്മമാകും എന്ന അറിവ് ആർക്കുമില്ല. മനുഷ്യർ ഇത് മനസ്സിലാക്കുന്നില്ല – ഞാൻ ആത്മാവ് ശാന്തസ്വരൂപമാണ്. നമുക്ക് ഈ ശരീരത്തിൽ നിന്നും വേറിട്ടിരിക്കണം. ഇവിടെ നിങ്ങൾക്ക് ബലം ലഭിക്കുകയാണ് ഇതിലൂടെ നിങ്ങൾക്ക് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയുടെ ഓർമ്മയിലിരിക്കാൻ സാധിക്കും. ബാബ മനസ്സിലാക്കിത്തരികയാണ് – എങ്ങിനെ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി വേറിട്ടിരിക്കാം. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾക്ക് ഇപ്പോൾ തിരിച്ചുപോകണം. നമ്മളെല്ലാവരും പരംധാമത്തിൽ വസിച്ചിരുന്നവരാണ്. ഇത്രയും ദിവസമായപ്പോൾ വീട് മറന്നുപോയിരിക്കുന്നു, നമുക്ക് വീട്ടിലേക്ക് പോകണം എന്ന് ആരെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ. പതിതമായ ആത്മാവിന് വീട്ടിലേക്ക് തിരിച്ചുപോകാൻ സാധിക്കില്ല. ഇങ്ങനെ മനസ്സിലാക്കിത്തരാനും ആരുമുണ്ടായിരുന്നില്ല. ബാബ മനസ്സിലാക്കിത്തരികയാണ്– ഓർമ്മിക്കേണ്ടത് ഒരാളെയാണ്. മറ്റുള്ളവരെ ഓർമ്മിക്കുന്നതിലൂടെ എന്താണ് പ്രയോജനം! മനസ്സിലാക്കൂ, ഭക്തിമാർഗ്ഗത്തിൽ ശിവ ശിവയെന്ന് പറഞ്ഞുകൊണ്ടിരിക്കും, ഇതിലൂടെ എന്താണ് ഉണ്ടാകുന്നത് എന്ന് ആർക്കും അറിയില്ല. ശിവനെ ഓർമ്മിക്കുന്നതിലൂടെ പാപങ്ങൾ ഭസ്മമാകുമോ–ഇതും ആർക്കും അറിയില്ല. ശബ്ദം ഉണ്ടാകും. ഈ കാര്യങ്ങളിലൂടെ യാതൊരു പ്രയോജനവുമില്ല. ബാബ ഈ എല്ലാ ഗുരുക്കന്മാരുടേയും അനുഭവിയല്ലേ.

ബാബ പറയുകയാണ് അല്ലയോ അർജ്ജുനാ, ഇതെല്ലാം ഉപേക്ഷിക്കൂ... സത്ഗുരുവിനെ ലഭിച്ചു ഇനി ഇതിന്റെയൊന്നും ആവശ്യമില്ല. സത്ഗുരു അക്കരെ കടത്തുന്ന ബാബ പറയുകയാണ് – ഞാൻ നിങ്ങളെ ആസുരീയലോകത്തിൽ നിന്നും അക്കരെയെത്തിക്കുകയാണ്. വിഷയസാഗരത്തിൽ നിന്നും മറികടക്കണം. ഈ എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരികയാണ്. തോണിക്കാരൻ തോണി തുഴയുന്ന ആളാണ് പക്ഷേ മനസ്സിലാക്കുന്നതിനുവേണ്ടി ഈ പേര് വച്ചിരിക്കുകയാണ്. ബാബയെ – പ്രാണേശ്വരായ ബാബ അഥവാ ജീവദാനം നൽകുന്നത് ബാബയാണ് എന്നാണ് പറയുന്നത്. ബാബ അമരനാക്കി മാറ്റുന്നു. പ്രാണനെന്ന് ആത്മാവിനെയാണ് പറയുന്നത്. ആത്മാവ് പോയാൽ , പ്രാണൻ പോയി...എന്നു പറയില്ലേ. പിന്നീട് ശരീരത്തെ വെച്ചിരിക്കില്ല. ആത്മാവുണ്ടെങ്കിൽ ശരീരത്തിനും ആരോഗ്യമുണ്ട് ആത്മാവില്ലെങ്കിൽ ശരീരം അഴുകാൻ തുടങ്ങും. അതിനെ വെച്ചിരുന്ന് എന്തു ചെയ്യാനാണ്. മൃഗങ്ങൾ പോലും അങ്ങനെ ചെയ്യില്ല. കേവലം കുരങ്ങൻ മാത്രം, അതിന്റെ കുട്ടി മരിച്ചാലും അഴുകിയാൽ പോലും ആ ജഡത്തെ ഉപേക്ഷിക്കില്ല, തൂക്കിയിട്ട് നടക്കും, അത് മൃഗമല്ലേ, നിങ്ങൾ മനുഷ്യരല്ലേ. ശരീരം ഉപേക്ഷിച്ചാൽ പിന്നെ, പെട്ടെന്ന് മറവ് ചെയ്യൂ എന്ന് പറയും. മനുഷ്യർ പറയും, സ്വർഗ്ഗത്തിൽ പോയി... മൃതദേഹം എടുക്കുമ്പോൾ ആദ്യം കാല് ശ്മശാനത്തിന്റെ ഭാഗത്തേക്കായിരിക്കും. പിന്നീട് എപ്പോഴാണോ ഉള്ളിലേക്ക് കടക്കുന്നത്, പൂജയെല്ലാം ചെയ്യുമ്പോൾ മനസ്സിലാക്കും ഇപ്പോൾ സ്വർഗ്ഗത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. അപ്പോൾ തല തിരിച്ച് ശ്മശാനത്തിന്റെ ഭാഗത്തേക്കാക്കും. നിങ്ങൾ കൃഷ്ണൻ നരകത്തെ ചവിട്ടിമാറ്റുന്നതായിട്ട് കൃത്യമായി കാണിച്ചിട്ടുണ്ട്. കൃഷ്ണന്റെ ഈ ശരീരമല്ല. പേരും രൂപവും എല്ലാം മാറുന്നുണ്ട്. എത്ര കാര്യങ്ങൾ ബാബ മനസ്സിലാക്കിത്തരുന്നു. ശേഷം ബാബ പറയുന്നു – മൻമനാഭവ.

ഇവിടെ വന്നിരിക്കുമ്പോൾ അറ്റൻഷൻ ഉണ്ടായിരിക്കണം. ബുദ്ധി ബാബയിലായിരിക്കണം. നിങ്ങളുടെ അറ്റൻഷൻ സദാ കാലത്തേക്കു വേണ്ടിയാണ്. ഏതുവരെ ജീവിക്കുന്നോ, ബാബയെ ഓർമ്മിക്കണം. ഓർമ്മയിലൂടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഭസ്മമാകും. ഓർമ്മിക്കുന്നില്ലായെങ്കിൽ പാപം ഭസ്മമാകില്ല. ബാബയെ ഓർമ്മിക്കണം, ഓർമ്മിക്കുമ്പോൾ കണ്ണുകൾ അടക്കരുത്. സന്യാസിമാർ കണ്ണുകളടച്ചിരിക്കുന്നു. ചിലർ സ്ത്രീകളുടെ മുഖത്തുപോലും നോക്കില്ല. പട്ട കെട്ടിയിട്ടിരിക്കും. ഇവിടെ നിങ്ങളിരിക്കുമ്പോൾ രചയിതാവിന്റേയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ സ്വദർശനചക്രത്തെ കറക്കണം. നിങ്ങൾ ലൈറ്റ് ഹൗസല്ലേ. ഇതാണ് ദുഃഖധാമം, ഒരു കണ്ണിൽ ദുഖഃധാമവും, മറുകണ്ണിൽ സുഖധാമവുമാണ്.

എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും സ്വയം ലൈറ്റ്ഹൗസാണെന്ന് മനസ്സിലാക്കൂ. ബാബ വ്യത്യസ്തമായ യുക്തികളിലൂടെ പറഞ്ഞുതരികയാണ്. നിങ്ങൾ സ്വയത്തേയും സംരക്ഷിക്കണം. നിങ്ങൾ ലൈറ്റ് ഹൗസായി മാറുന്നതിലൂടെ തന്റെ മംഗളവും ചെയ്യുന്നു, ബാബയെ തീർച്ചയായും ഓർമ്മിക്കണം, ആരെ വഴിയിൽ കിട്ടിയാലും അവർക്ക് പറഞ്ഞുകൊടുക്കണം. പരിചയമുള്ളവരെ കാണാറുണ്ടല്ലോ, അവർ പരസ്പരം കാണുമ്പോൾ രാമ,രാമാ എന്ന് പറയും.അവരോട് , താങ്കൾക്കറിയാമോ ഇത് ദുഃഖധാമമാണ്, ശാന്തിധാമവും സുഖധാമവുമുണ്ട്. താങ്കൾ ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും പോകാൻ ആഗ്രഹിക്കുന്നുണ്ടോ? എന്ന് ചോദിക്കൂ.ഈ 3 ചിത്രങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ വളരെ സഹജമാണ്. താങ്കൾക്ക് സൂചന തരുകയാണ്. ലൈറ്റ് ഹൗസും സൂചനയല്ലേ നൽകുന്നത്. ഈ തോണി രാവണന്റെ ജയിലിൽ തൂങ്ങിക്കിടക്കുകയാണ്. മനുഷ്യന്, മനുഷ്യരെ മോചിപ്പിക്കാൻ സാധിക്കില്ല. ലോകത്തിലുള്ളതെല്ലാം കൃത്രിമമായ പരിധിയുള്ള കാര്യമാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്. സാമൂഹ്യസേവനവും അതല്ല. വാസ്തവത്തിൽ സത്യമായ സേവ – എല്ലാവരുടേയും തോണി അക്കരെയെത്തിക്കുക എന്നതാണ്. മനുഷ്യരുടെ സേവനം എങ്ങനെ ചെയ്യാമെന്ന് നിങ്ങളുടെ ബുദ്ധിയിൽ ഉണ്ടാകണം

ആദ്യം പറയണം, മുക്തിധാമത്തിലേക്ക് പോകുന്നതിനുവേണ്ടിയും, ഈശ്വരനെ ലഭിക്കുന്നതിനുവേണ്ടിയും നിങ്ങൾ ഗുരുവിന്റെ അടുക്കൽ പോകാറില്ലേ– പക്ഷേ ലഭിക്കുന്നില്ല. ലഭിക്കാനുള്ള വഴി ബാബയാണ് പറഞ്ഞുതരുന്നത്. ലോകത്തിലുള്ളവർ മനസ്സിലാക്കുന്നത് ശാസ്ത്രങ്ങളെല്ലാം പഠിക്കുന്നതിലൂടെ ഭഗവാനെ ലഭിക്കുമെന്നാണ്, ആശവെക്കുകയാണ് എപ്പോഴെങ്കിലും ഏതെങ്കിലും രൂപത്തിൽ ലഭിക്കും... എപ്പോൾ ലഭിക്കും – ഈ ബാബ എല്ലാം നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു. നിങ്ങൾ ചിത്രത്തിൽ, ഒരാളെ ഓർമ്മിക്കണം എന്നു കാണിച്ചിട്ടുണ്ട്. ആരെല്ലാം ധർമ്മസ്ഥാപകരുണ്ടോ അവരും സൂചിപ്പിക്കുകയാണ് കാരണം നിങ്ങൾ പഠിപ്പിച്ചതാണ്. അവരും ഇതുപോലെ സൂചന നൽകുകയാണ്. സാഹബിനെ ജപിക്കൂ, ബാബ സത്ഗുരുവാണ്. അനേകപ്രകാരത്തിലുള്ള പഠിപ്പുകൾ നൽകുന്നയാളെയാണ് ഗുരുവെന്ന് പറയുന്നത്. അശരീരിയായി മാറാനുള്ള പഠിപ്പ് ആർക്കും അറിയുന്നില്ല. നിങ്ങൾ പറയൂ ശിവബാബയെ ഓർമ്മിക്കൂ. ഭക്തർ ശിവന്റെ ക്ഷേത്രത്തിലേക്കെല്ലാം പോകുന്നു. അവർക്കും ശിവനെ ബാബയെന്നു പറയുന്ന ശീലമാണ് ഉള്ളത്.വേറെ ആരെയും ബാബയെന്ന് പറയാറില്ല. പക്ഷേ അവർ നിരാകാരനെയല്ല ഓർമ്മിക്കുന്നത്. ശരീരധാരിയെയാണ്. ശിവൻ നിരാകാരനാണ്, സത്യമായ ബാബയാണ്, എല്ലാവരുടേയും ബാബയാണ്. എല്ലാ ആത്മാക്കളും അശരീരിയാണ്.
നിങ്ങൾ കുട്ടികൾ ഇവിടെയിരിക്കുമ്പോൾ ഈ ലഹരിയിലിരിക്കൂ. നിങ്ങൾക്കറിയാം നമ്മൾ എങ്ങനെ കുടുങ്ങിക്കിടന്നവരായിരുന്നു. ഇപ്പോൾ ബാബ വന്ന് വഴി പറഞ്ഞുതരികയാണ്, ബാക്കിയെല്ലാവരും കുടുങ്ങിയിരിക്കുകയാണ്, മോചിതരല്ല. ശിക്ഷകളനുഭവിച്ച് എല്ലാവരും മോചിതരാകും. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, ശിക്ഷകൾ അനുഭവിച്ച് പദവി നേടണ്ട. ശിക്ഷകൾ വളരെയധികം അനുഭവിക്കുമ്പോൾ പദവി ഭ്രഷ്ടമാകും, ശിക്ഷകൾ അനുഭവിക്കുന്നില്ലായെങ്കിൽ നല്ല പദവി ലഭിക്കും. ഇതാണ് മുള്ളുകൾ നിറഞ്ഞ കാട്. എല്ലാവരും പരസ്പരം മുള്ളുകൊണ്ട് കുത്തിക്കൊണ്ടിരിക്കുകയാണ്. സ്വർഗ്ഗത്തെയാണ് ഈശ്വരന്റെ പൂന്തോട്ടമെന്ന് പറയുന്നത്. സ്വർഗ്ഗമുണ്ടായിരുന്നു എന്ന് ക്രിസ്ത്യാനികളും പറഞ്ഞിരുന്നു. ചില സമയത്ത് സാക്ഷാത്കാരവും ഉണ്ടായിരുന്നു. ഈ ധർമ്മത്തിലുള്ളവരാണെങ്കിൽ അവർ വീണ്ടും തന്റെ ധർമ്മത്തിലേക്ക് വരും. ബാക്കി കേവലം കണ്ടതിൽ മാത്രമെന്തു പ്രയോജനം! കാണുന്നതിലൂടെ ആർക്കും പോകാൻ സാധിക്കില്ല. ബാബയെ തിരിച്ചറിഞ്ഞ് ജ്ഞാനമെടുക്കണം. എല്ലാവർക്കും വരാൻ സാധിക്കില്ല. ദേവതകൾ വളരെ കുറച്ചുപേരാണ്. ഇപ്പോൾ ഇത്രയും ഹിന്ദുക്കളാണ്, വാസ്തവത്തിൽ ദേവതകളായിരുന്നില്ലേ. എന്നാൽ അവർ പാവനമായിരുന്നു, ഇവർ പതിതമാണ്. പതിതരെ ദേവതകളെന്ന് പറയുന്നത് ശോഭനീയമല്ല. ഇത് ഒരു ധർമ്മമാണ്, ഇതിനെത്തന്നെയാണ് ധർമ്മഭ്രഷ്ടരെന്നും കർമ്മഭ്രഷ്ടരെന്നും പറയുന്നത്. ആദിസനാതന ധർമ്മത്തെ ഹിന്ദുധർമ്മമെന്ന് പറയുന്നു.

നമ്മൾ കുട്ടികൾക്ക് വളരെ പ്രിയപ്പെട്ടത് ബാബയാണ്, ബാബ നിങ്ങളെ എന്തിൽനിന്നും എന്താക്കി മാറ്റുകയാണ്. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും ബാബ എങ്ങിനെയാണ് വരുന്നത്. ദേവതകളുടെ കാലു പോലും പഴയ തമോപ്രധാനമായ സൃഷ്ടിയിൽ പതിയുന്നില്ല എങ്കിൽ ബാബ എങ്ങിനെ വരുന്നുണ്ടാകും? ബാബ നിരാകാരനാണ്. ബാബക്ക് തന്റേതായ കാലില്ല. അതുകൊണ്ട് ഇദ്ദേഹത്തിലേക്ക് പ്രവേശിക്കുകയാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ഈശ്വരീയ ലോകത്തിലാണിരിക്കുന്നത്, മറ്റുള്ളവർ ആസുരീയ ലോകത്തിലാണ്. ഇത് വളരെ ചെറിയ സംഗമയുഗമാണ്. നിങ്ങൾ മനസ്സിലാക്കണം, നമ്മൾ ദൈവീകലോകത്തിലുമല്ല, ആസുരീയ ലോകത്തിലുമല്ല. നമ്മുടേത് ഈശ്വരീയ ലോകമാണ്.നമ്മളെ വീട്ടിലേക്ക്

കൊണ്ടുപോകുന്നതിനുവേണ്ടി ബാബ വന്നിരിക്കുകയാണ്. ബാബ പറയുകയാണ് അതാണ് എന്റെ വീട്. നിങ്ങളുടെ സേവനത്തിനായി ഞാൻ എന്റെ വീടുപേക്ഷിച്ച് വന്നിരിക്കുകയാണ്. ഭാരതം സുഖധാമമായി മാറിക്കഴിഞ്ഞാൽ ഞാൻ പിന്നീട് വരില്ല. ഞാൻ വിശ്വത്തിന്റെ അധികാരിയായി മാറുന്നില്ല, നിങ്ങളാണ് മാറുന്നത്. ഞാൻ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. ബ്രഹ്മാണ്ഡത്തിൽ എല്ലാം വരുന്നുണ്ട്. ഇപ്പോഴും അവിടെ അധികാരിയായി ഇരിക്കുന്നവരുണ്ട്, അവർക്കും ഇവിടേക്ക് വരണം, പക്ഷേ അവർ വന്ന് വിശ്വത്തിന്റെ അധികാരിയായി മാറുന്നില്ല. മനസ്സിലാക്കിത്തരാൻ വളരെയധികമുണ്ട്. ചില വിദ്യാർത്ഥികൾ വളരെ നല്ലതാണ്. സ്കോളർഷിപ്പ് നേടുന്നു. അത്ഭുതമാണ്, ഇവിടെയിരുന്നുകൊണ്ട് പവിത്രമായി മാറി വീണ്ടും പോയി പതിതമായി മാറുന്നു. ഇങ്ങിനെയുള്ള പാകപ്പെടാത്തവരെ കൊണ്ടുവരരുത്. ബ്രാഹ്മണിയുടെ ജോലിയാണ് നിർണ്ണയിച്ചു കൊണ്ടുവരിക എന്നത്. നിങ്ങൾക്കറിയാം ആത്മാവ് ശരീരത്തെ ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുകയാണ്. ആത്മാവിന് അവിനാശിയായ പാർട്ട് ലഭിച്ചിരിക്കുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1) ലൈറ്റ് ഹൗസായി മാറി എല്ലാവർക്കും ശാന്തിധാമത്തിലേക്കും, സുഖധാമത്തിലേക്കുമുള്ള വഴി പറഞ്ഞുകൊടുക്കണം. എല്ലാവരുടെ തോണിയേയും ദുഃഖധാമത്തിൽനിന്നും രക്ഷിക്കുന്നതിനുള്ള സേവനം ചെയ്യണം. സ്വമംഗളവും ചെയ്യണം.

2) തന്റെ ശാന്തസ്വരൂപസ്ഥിതിയിൽ സ്ഥിതി ചെയ്തുകൊണ്ട് ശരീരത്തിൽ നിന്നും വേറിടുന്നതിനുള്ള അഭ്യാസം ചെയ്യണം. ഓർമ്മിക്കുമ്പോൾ കണ്ണുകൾ തുറന്നിരിക്കണം, ബുദ്ധിയിലൂടെ രചയിതാവിനേയും രചനയെയും സ്മരിക്കണം.

## വരദാനം-തന്റെ സങ്കൽപങ്ങളെ ശുദ്ധവും,ജ്ഞാനസ്വരൂപവും,ശക്തിസ്വരൂപവുമാക്കി മാറ്റുന്ന സമ്പൂർണ്ണ  പവിത്രരായി ഭവിക്കട്ടെ.

ബാബക്ക് സമാനമാകുന്നതിനായി പവിത്രതയുടെ ഫൗണ്ടേഷനെ ഉറപ്പുള്ളതാക്കൂ.ഫൗണ്ടേഷനിൽ ബ്രഹ്മ ചര്യവ്രതം ധാരണ ചെയ്യുക എന്നത് സാധാരണമായ കാര്യമാണ്.ഈയൊരു കാര്യത്തിൽമാത്രം സന്തോ ഷിച്ചിരിക്കരുത്.ദൃഷ്ടി,മനോഭാവം എന്നിവയുടെ പവിത്രതക്ക്  കൂടുതൽ അടിവരയിടണം.ഒപ്പം തന്റെ സങ്കൽപങ്ങളെ ശുദ്ധവും, ജ്ഞാനസ്വരൂപവുമാക്കി മാറ്റണം.ഇപ്പോൾ സങ്കൽപങ്ങൾ വളരെയധികം ദുർബ ലമാണ്.ഈ ദുർബലതയെ സമാപ്തമാക്കിയാൽ മാത്രമേ സമ്പൂർണ്ണപവിത്ര ആത്മാവ് എന്ന് പറയാനാവു കയുള്ളൂ.

## സ്ലോഗൻ - ദൃഷ്ടിയിൽ എല്ലാവർക്കും വേണ്ടി ശുഭ ഭാവനയും,കരുണയുമുണ്ടെങ്കിൽ അഭിമാനമോ, അപമാനമോ അൽപംപോലും തോന്നുകയില്ല.